എ ടി)/10883/2018/കോ.വി.വ

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം
തീയതി: 08.10.2018

# സർക്കുലർ

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ് - ഇലക്ട്രോണിക്സ് ഫയൽ ഫ്ലോ മാനേജ്മെന്റ് സിസ്റ്റം - ഔദ്യോഗിക ഉത്ഘാടനം - സംബന്ധിച്ച്.
സൂചന:- 05-10-2018 - ലെ ഇ - ഗവേണൻസ് കോ- ഓർഡിനേറ്ററുടെ സമർപ്പണം.

കോളേജ് വിദ്യാഭ്യാസ വകുപ്പിൽ ഇലക്ട്രോണിക്സ് ഫയൽ ഫ്ലോ മാനേജ്മെന്റ് സിസ്റ്റം നടപ്പിലാകുന്നതിന്റെ ഔദ്യോഗിക ഉത്ഘാടനം 17-10-2018 ബുധനാഴ്ച 2.00 മണിക്ക് തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ വച്ച് ബഹുമാനപ്പെട്ട ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി നിർവഹിക്കുന്നു. പ്രസ്തുത ചടങ്ങിൽ തിരുവനന്തപുരം ജില്ലയിലെ എല്ലാ സ്ഥാപന മേധാവികളും പങ്കെടുക്കണമെന്ന് അറിയിക്കുന്നു.

20 10-2018 മുതൽ കോളേജ് വിദ്യാഭ്യാസ വകുപ്പിൽ നടത്തുന്ന എല്ലാവിധ കത്തിടപാടുകളും, തപാലുകളും ഫയൽ ഫ്ലോ മാനേജ്മെന്റ് സിസ്റ്റം മുഖേന നിർവഹിക്കേണ്ടതാണ്. FFMS സംബന്ധിച്ച് പരിശീലനം ലഭിച്ചിട്ടില്ലാത്ത ഉദ്യോഗസ്ഥർക്ക് മാസ്റ്റർ ട്രെയിനേഴ്സിന്റെ സേവനം പ്രയോജനപ്പെടുത്തി 15-10-2018 - നു മുൻപായി പരിശീലനം നൽകുന്നതിന് എല്ലാ സ്ഥാപനമേധാവികളും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ഒപ്പ്/-
ഹരിത.വി.കുമാർ.ഐ.എ.എസ്
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ്.
1. എല്ലാ സ്ഥാപന മേധാവികൾക്കും
2 എല്ലാ ടെക്നിക്കൽ യൂണിറ്റ് അംഗങ്ങൾക്കും
3. ഡോ.എസ്.ജെ.ഷാബു, - ഇ ഗവേണൻസ് കോ - ഓർഡിനേറ്റർ
4 സിസ്റ്റം മാനേജർ
5. നടപ്പു ഫയൽ/ കരുതൽ ഫയൽ

// അംഗീകാരത്തോടെ//

സൂപ്രണ്ട്

വി.എസ്. 09.10.2018

GOVERNMENT OF KERALA 2017-18

758 359